## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *96 | 07.06.2018-ൽ മറുപടിയ്ക്ക്

### റവന്യൂ വകുപ്പ് ഓഫീസുകൾ അഴിമതി മുക്തമാക്കുന്നതിന് നടപടി

ചോദ്യം

ശ്രീ. ഒ. ആർ. കേളു
" ബി.ഡി.ദേവസ്സി
" സി.കെ. ശശീന്ദ്രൻ

മറുപടി

ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

(എ) വില്ലേജ് ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ തുടങ്ങി റവന്യൂ വകുപ്പിന് കീഴിലുള്ള ഓഫീസുകളെ അഴിമതി മുക്തമാക്കുന്നതിനും കാര്യക്ഷമതയുള്ള ജനസൗഹൃദ ഓഫീസുകളാക്കി മാറ്റുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(എ) റവന്യൂ വകുപ്പിലെ അഴിമതി നിയന്ത്രിക്കുന്നതിലേക്കായി മൂന്ന് വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാർക്ക് മൂന്ന് മേഖലകളായി തിരിച്ച് ചുമതല നൽകിയിട്ടുള്ളതാണ്. കൂടാതെ എല്ലാ ജില്ലാ കളക്ടേറ്റിലും ഒരു സീനിയർ സൂപ്രണ്ടിന്റെ ചുമതലയിൽ ഇൻസ്പെക്ഷൻ ആന്റ് വിജിലൻസ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. കൂടാതെ താലൂക്ക് തലത്തിൽ ഡെപ്യൂട്ടി തഹസിൽദാർമാരുടെ നേതൃത്വത്തിൽ പരിശോധനാ വിഭാഗവും പ്രവർത്തിച്ചു വരുന്നുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ നിന്നും എല്ലാ കളക്ടേറ്റുകളിലും റവന്യൂ ഡിവിഷണൽ ഓഫീസുകളിലും , താലൂക്കാഫീസുകളിലും വാർഷിക പരിശോധന നടത്തിയിട്ടുള്ളതും താലൂക്കുകളിലെ വില്ലേജ് ഓഫീസുകളിലും ആകസ്മിക പരിശോധന നടത്തി പരിശോധന കുറിപ്പ് തയ്യാറാക്കി ന്യൂനതകൾ പരിഹരിച്ച് വരുന്നതുമാണ്.

കൂടാതെ അഴിമതിരഹിത ഭരണ നിർവ്വഹണ ത്തിനുവേണ്ടി സർക്കാർ നിർദ്ദേശ പ്രകാര മുള്ള നോട്ടീസുകൾ, ബന്ധപ്പെട്ട ഉദ്യോഗ സ്ഥരുടെ ഫോൺ നമ്പരുകൾ, മേൽ വിലാസം എന്നിവ കളക്ടേറ്റ്, താലൂക്ക് വില്ലേജ് ഓഫീസ്, എന്നിവടങ്ങളിൽ പ്രദർ ശിപ്പിച്ചിട്ടുള്ളതും മേൽപ്പറഞ്ഞ ഓഫീസു കളിൽ വിജിലൻസ് & ആന്റി കറപ്ഷൻ ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരുകൾ, ഓഫീസ് മേൽവിലാസം എന്നിവ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുള്ളതുമാണ്. പൊതുജനങ്ങൾക്ക് കാര്യക്ഷമമായും അഴിമ തിരഹിതവുമായ സേവനം നൽകുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ/ ലാൻഡ് റവന്യൂ കമ്മീഷണറുടെ സർക്കുലറുകൾ റവന്യൂ വകുപ്പിലെ ജീവന ക്കാർക്ക് നൽകിയിട്ടുണ്ട്.

വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റുന്നതിന് 'സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി' ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) വകുപ്പിനെ വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ ആധുനീകരിക്കുന്നതി നായി നടത്തിയ പ്രവർത്തനങ്ങൾ എന്തെ ല്ലാമാണ്;

(ബി) റവന്യൂ വകുപ്പിന്റെ ആധുനിക വൽക്കര ണത്തിനും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ വേഗത്തിലും എളുപ്പത്തിലുമാ ക്കുന്നതിനുമായി വിവര സാങ്കേതിക വിദ്യ യുടെ സഹായത്തോടെ ഇ-ഡിസ്ട്രിക്ട്, ഭൂ വിവരങ്ങളുടെ ഡിജിറ്റലൈസേഷൻ ( Textual Data Digitalization ) സംയോജിത ഓൺലൈൻ പോക്കുവരവ് (Online mutation)

ഇ-പേമെന്റ് , ഇ-ഓഫീസ്, ആർ.ആർ ഓൺലൈൻ തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് (സി) ഓഫീസുകൾ ആക്കിത്തീർക്കാനുള്ള പദ്ധതിയുടെ ലക്ഷ്യവും പുരോഗതിയും അറിയിക്കാമോ?

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റി അവയിൽ നിന്നും വേഗത്തിലും ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും ഉറപ്പായും ഉത്തരവാദിത്വത്തോടെയും സുതാര്യമായും സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടെയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏതു സമയത്തും എവിടെ വച്ചും ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 42 വില്ലേജ് ഓഫീസുകളുടെ നവീകരണം പൂർത്തിയായിട്ടുള്ളതും 38 വില്ലേജുകളിൽ പണികൾ പുരോഗമിച്ചു വരികയും നടപ്പു സാമ്പത്തിക വർഷം 50 വില്ലേജുകളുടെ പണികൾ കൂടി പൂർത്തിയാക്കാൻ പദ്ധതിയിട്ടിട്ടുള്ളതുമാണ്.

**സെക്ഷൻ ഓഫീസർ**